മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ഗവേഷണത്തിന് പ്രാധാന്യം നൽകിവരുന്ന സ്ഥാപനം അല്ലാത്തതിനാൽ ഈ സ്ഥാപനത്തെ ജില്ലാ ഭരണകൂടത്തിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള ഒരു നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് പരിസ്ഥിതി വകുപ്പിൽ നിന്നും നൽകിവരുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് അതേപടി തുടരാനും തീരുമാനിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡനെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഉൾപ്പെടുത്തുന്നതിന് നിർവ്വാഹമില്ല. എന്നാൽ ഈ വർഷം പത്തുലക്ഷം രൂപ ഈ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ആയത് മൂന്നു, നാല് ഗഡുക്കളായി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനുവേണ്ട എല്ലാ സഹായവും ഗവൺമെന്റ് നൽകുന്നതാണ്.

(6) പ്രസാദ് സെബാസ്റ്റ്യൻ എന്ന ആളിന്റെ ദുരൂഹമരണം സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ : സർ, പുനലൂർ മുനിസിപ്പൽ കൗൺസിലറും പത്തനാപുരം താലൂക്ക് കാർഷിക വികസന ബാങ്കിന്റെ പ്രസിഡന്റുമായിരുന്ന പ്രസാദ് സെബാസ്റ്റ്യൻ ചെന്നൈയിൽ വച്ച് കൊലചെയ്യപ്പെടുകയുണ്ടായി. മേയ് മാസം 26-ാം തീയതി ചെന്നൈയിലുള്ള പ്രസാദിന്റെ സഹോദരി റീത്താ അമൽരാജിന്റെ വീട്ടിൽ ചെന്നതിനുശേഷം അവിടെനിന്നിറങ്ങിയ പ്രസാദിനെ കാണാതാകുകയായിരുന്നു. പിന്നീട് ചെന്നൈയിൽ നിന്നും 80 കിലോമീറ്റർ അകലെ തിരുവള്ളൂർ ജില്ലയിലെ തിരുവാരക്കാട്-തിരുവരങ്ങ് ഗ്രാമത്തിൽ പ്രസാദിന്റെ മൃതദേഹം കണ്ടെത്തുകയായിരുന്നു. പ്രസാദിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് പലരേയും പോലീസ് അറസ്റ്റുചെയ്തിട്ടുണ്ടെങ്കിലും തമിഴ്നാട് പോലീസ് ഉൾപ്പെടെ പ്രതികളായി കണ്ടെത്തിയ സുരേഷ്, ഇന്ദിര ദമ്പതിമാരുടെ പങ്കിനെക്കുറിച്ച് യാതൊരു അന്വേഷണവും നടപടിയും ഉണ്ടാകുന്നില്ല. ഈ കേസിലെ യഥാർത്ഥ പ്രതികളെ തമിഴ്നാട് പോലീസ് സംരക്ഷിക്കുന്നതായി ആരോപണങ്ങളുണ്ട്. പുനലൂരിൽ നടന്ന മണിചെയിൻ ഇടപാട്, ഇൻഷ്വറൻസ് തട്ടിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് പ്രസാദ് സെബാസ്റ്റ്യൻ ബന്ധപ്പെട്ടവർക്ക് പരാതി നൽകിയിരുന്ന പശ്ചാത്തലം കൂടിയുണ്ട്. യഥാർത്ഥ പ്രതികളെ രംഗത്ത് കൊണ്ടുവരുന്നതിനും ഈ കൊലപാതകവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പുറത്തുകൊണ്ടു വരുന്നതിനും സി.ബി.ഐ എൻക്വയറിക്ക് അങ്ങ് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ കേസുമായി ബന്ധപ്പെട്ട് പ്രത്യേക താൽപ്പര്യമെടുത്തുതന്നെ അങ്ങ് തമിഴ്നാട് അധികൃതരുമായി ബന്ധപ്പെട്ട കാര്യം പ്രത്യേകമായി ഓർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും, ബഹുമാനപ്പെട്ട സുപാലുമെല്ലാം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ കേസിന്റെ കാര്യത്തിൽ ഞാൻ വ്യക്തിപരമായിത്തന്നെ കൂടുതൽ താൽപ്പര്യമെടുത്തു. ഡി.ജി.പി. യോട് നേരിട്ട് സംസാരിച്ചു, അതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് ഗവൺമെന്റ് ഊർജ്ജിതമായ ചില ശ്രമങ്ങൾ നടത്തി, ചെന്നൈയിലെ അണ്ണാശാല സിറ്റി പോലീസ് സ്റ്റേഷനിൽ ഇക്കാര്യത്തിൽ ക്രൈം നമ്പർ 521/2003-ാം നമ്പരായി ഒരു കേസ് രജിസ്റ്റർചെയ്ത് വിശദമായ അന്വേഷണം നടത്തി പ്രതികളായ ആനന്ദ്, മുരളി, സതീശ്, അപ്പു, ഡ്രൈവർ സഞ്ജയ്, സ്വതന്ത്രനാഥൻ എന്നീ അഞ്ചുപേരെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കി, കോടതി അവരെ റിമാന്റ് ചെയ്തിട്ടുള്ളതാണ്. തുടർന്നും തമിഴ്നാട് പോലീസ് വിശദമായ അന്വേഷണം നടത്തും എന്നാണ് അറിയിച്ചിട്ടുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കും.

(7) വേട്ടുവൻ, പുലയവേട്ടുവൻ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം തുടർന്നും നൽകണമെന്ന ആവശ്യം

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, മലബാറിലെ വേട്ടുവൻ, പുലയവേട്ടുവൻ സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ നിന്നും കേന്ദ്രസർക്കാർ ഒഴിവാക്കിയതിനെത്തുടർന്ന് അവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തതുമൂലം ഇന്ന് മലബാർ മേഖലയിൽ ഏറെ അസ്വസ്ഥതയും ദുഖവും പ്രതിഷേധവും ഉണ്ടായിരിക്കുകയാണ്. പ്ലസ് വൺ, എഞ്ചിനീയറിംഗ്, മെഡിക്കൽ ഉൾപ്പെടെയുള്ള കോഴ്സുകളിലേക്ക് അഡ്മിഷൻ നടത്തിവരുന്ന സന്ദർഭത്തിൽ പാവപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട വേട്ടുവ സമുദായത്തിലെ പതിനായിരക്കണക്കിന് വരുന്ന വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യം ലഭിക്കാത്തതുകൊണ്ട് പ്രവേശനം ലഭിക്കാതെ വരികയാണ്. മാത്രമല്ല, ലംപ്സംഗ്രാന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിച്ചതുകൊണ്ടുമാത്രമാണ് ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകിച്ചും പാവപ്പെട്ടവരുടെയും, അധഃസ്ഥിതരുടെയും കാര്യത്തിൽ അങ്ങേയറ്റം താൽപ്പര്യം കാണിക്കുന്ന കേരളത്തിലെ രാഷ്ട്രീയ നേതാക്കൻമാരിൽ പ്രഥമഗണനീയനാണ് എന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. അതിൽ ഒരിക്കലും കക്ഷിപരിഗണനകളൊന്നും ഉണ്ടാകാറില്ല. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പ്രത്യേക താൽപ്പര്യമെടുത്തുകൊണ്ട് ഈ വിഭാഗത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ കേന്ദ്രഗവൺമെന്റ് നടപടി തിരുത്തുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തിവരികയാണെന്നും അറിയാം. ഈ സന്ദർഭത്തിൽ ഈ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കഴിഞ്ഞ നിരവധി വർഷങ്ങളായി ലഭിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടർന്നും ലഭിക്കുവാനും സ്കൂൾ, കോളേജ് പ്രവേശനങ്ങളിൽ അവർക്ക് ലഭിച്ചുവരുന്ന പ്രവേശനത്തിനുള്ള സംവരണാനുകൂല്യം നിലനിർത്തുവാനും വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly